# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5875 — 25.05.2017 - ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾക്ക് കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ**
**" ജി.എസ്.ജയലാൽ**
**" വി.ആർ. സുനിൽ കുമാർ**
**ശ്രീമതി സി.കെ. ആശ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) മായി നടത്തിയ ചർച്ചയെ തുടർന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.<br><br>കോമൺ സോഫ്റ്റ്‌വെയറിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ റിപ്പോർട്ടുകൾ മോണിറ്ററിംഗ് ഏജൻസികൾക്ക് ലഭ്യമാക്കുമോ? | (സി) കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള സംഘങ്ങളിൽ സോഫ്റ്റ്‌വെയർ റിപ്പോർട്ടുകൾ മോണിറ്ററിംഗ് ഏജൻസികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**